# വെള്ളം വനം വൈദ്യുതി

ഡോ: കെ. ഭാസ്കരൻ നായർ

## കാടുകൾ നശിച്ചാൽ പിന്നെ കേരളത്തിനു നിലനില്പില്ല

**1962**–ൽ റേച്ചൽ കാർസൺ എന്ന ഗ്രന്ഥകർത്രി അമേരിക്കയിൽ പ്രസിദ്ധപ്പെടുത്തിയ വിഖ്യാതമായ ഒരു ഗ്രന്ഥമുണ്ട്. അതിന്റെ പേര് ''സൈലന്റ് സ്പ്രിങ്ങ്.'' ഈ പുസ്തകത്തെപ്പററി 1970–ൽ ഞാനെഴുതിയ ലേഖനത്തിൽ നിന്ന് ഒരു ഭാഗം, വായനക്കാരോട് ക്ഷമാപൂർവം ഉദ്ധരിക്കട്ടെ:

''അതു വായിച്ചതിനു ശേഷം കടുംകൃഷിയേയും ഹരിതവിപ്ളവത്തേയും രസതന്ത്രത്തിന്റെ അദ്ഭുതകരമെന്നു വാഴ്ത്തപ്പെടുന്ന മഹാവിജയങ്ങളെയും എന്നു വേണ്ട, ആധുനികപരിഷ്കാരത്തിന്റെ പുരോഗതിയേയും അതു നിർമിക്കുന്ന നൂതന പദാർത്ഥങ്ങളെയും കുറിച്ച് സംശയമെന്നല്ല, അനല്പമായ ഭീതിയും ഉണ്ടായിരിക്കുന്നു. കൂടുതൽ കൂടുതൽ രൂക്ഷതരമായ പ്രാണിവിഷങ്ങളും കീടനാശിനികളും ആവശ്യമില്ലാത്ത ചെടികളെ നശിപ്പിക്കുന്ന രാസവസ്തുക്കളും നിർമിച്ച്, പീച്ചാംകുഴലും ആകാശവിമാനവും ഉപയോഗിച്ച് അതെല്ലാം വിസ്തൃതമായ കൃഷിസ്ഥലങ്ങളിലും കാട്ടിടങ്ങളിലും വീണ്ടും വീണ്ടും തളിച്ച്, കൃഷിക്കാരനേയും മനുഷ്യസമുദായത്തേയും ഗുണപ്പെടുത്തുവാൻ ശ്രമിച്ചതിന്റെ അനിഷ്ടഫലങ്ങളെക്കുറിച്ചുള്ള ഹൃദയസ്പർശിയായ ഒരു പരിദേവനമാണ് ഈ ഗ്രന്ഥം. പ്രകൃതിസൗന്ദര്യം ആസ്വദിച്ച്, പ്രകൃതിയെ ആരാധിച്ച്, ധന്യത നേടിയ, ജീവകാരുണ്യം നിറഞ്ഞ, ഒരു സ്ത്രീഹൃദയത്തിന്റെ ദുസ്സഹദുഃഖം അതിൽ ആദ്യന്തം നിഴലിച്ചിരിക്കുന്നു. അതു വായിച്ചാൽ പുതിയ കൃഷിസമ്പ്രദായങ്ങൾ സ്വീകരിച്ചു വിളയിച്ച ഫലമൂലാദികൾ തിന്നുവാനെന്നല്ല, തൊടുവാൻപോലും ആരും ശങ്കിക്കും. ജീവജാലത്തിൽ ഒരു ജാതി മാത്രമായ മനുഷ്യൻ സമസൃഷ്ടങ്ങളെ ദ്രോഹിക്കുകയും തനിക്കു തന്നെ ആപത്തുണ്ടാക്കുകയും ചെയ്യുന്നതിനു പുറമെ, മനോഹരമായ ഈ ഭൂമിയെ ഇത്രമേൽ വികൃതമാക്കുകയും ചെയ്യുന്നല്ലോ എന്ന വേദനയും ഉണ്ടാകും.

''കഴിഞ്ഞ ഏഴെട്ടു കൊല്ലത്തിനിടയ്ക്ക് ഈ ഗ്രന്ഥം അമേരിക്കൻ ഭൂഖണ്ഡത്തിൽ പ്രത്യേകിച്ചും പാശ്ചാത്യദേശത്തു പൊതുവേയും വളരെയധികം ശ്രദ്ധേയമായിത്തീരുകയും പ്രകൃതിയുടേയും ജീവിതത്തിന്റെയും നേർക്കുള്ള മനോഭാവത്തിൽ വമ്പിച്ച മാററങ്ങൾ കൈവരുത്തുന്നതിന് ശക്തിയേറിയ പ്രചോദനം നല്കുകയും ചെയ്തു. ഇന്ന് അമേരിക്കയിലെങ്കിലും ജനസഞ്ചയത്തിന്റെ ഉൽക്കണ്ഠാകുലമായ ശ്രദ്ധയും താൽപര്യവും പതിഞ്ഞിരിക്കുന്ന വിഷയം ബാഹ്യാകാശസഞ്ചാരമോ, ആററംശക്തിയുടെ ഉൽപാദനമോ അല്ല, ദുരാഗ്രഹിയായ മനുഷ്യന്റെ ദ്രോഹങ്ങളിൽ നിന്ന് ഭൂമുഖത്തെ രക്ഷിച്ച് വീണ്ടും ജീവിതത്തിന് ഹിതകരമാക്കുന്നത് എങ്ങനെ എന്ന പ്രശ്നമാണ്. ഈ വിഷയം എത്രമേൽ അടിയന്തരസ്വഭാവമുള്ളതായി തീർന്നിരിക്കുന്നു എന്ന് ആദ്യമായി ചൂണ്ടിക്കാണിച്ചത് ഈ ഗ്രന്ഥമാകുന്നു.''

### മറെറാരു നാമം

ശീതകാലം അവസാനിച്ച് ഹിമാവരണം നീങ്ങി ഭൂമുഖം പ്രസന്നമാകുമ്പോൾ വസന്തോദയം വിളിച്ചറിയിച്ചുകൊണ്ട് വന്നണയുന്ന ഓമനപ്പറവകൾ, മനുഷ്യൻ നടത്തുന്ന വ്യാപകമായ വിഷപ്രയോഗം മൂലം അപ്രത്യക്ഷമാവുകയും അവയുടെ കളകൂജനങ്ങൾ കേൾക്കാതാവുകയും ചെയ്യുതുകൊണ്ടുള്ള മഹാസങ്കടത്തെയാണ് ഈ ഗ്രന്ഥത്തിന്റെ പേര് സൂചിപ്പിക്കുന്നത്. അതിനോട് വളരെ സാദൃശ്യമുള്ള മറെറാരു ഇംഗ്ലീഷ്നാമം, ഇതുപോലെതന്നെ പ്രകൃതിസംഹാരവുമായി ബന്ധപ്പെട്ടതും മനുഷ്യരാശിക്കു മുഴുവൻ പ്രാധാന്യമുള്ളതുമായ ഒരു വിഷയത്തിന്റെ പ്രതീകമായി ഇന്ന് ലോകത്തിന്റെ ശ്രദ്ധയിൽ ഉയർന്നു വന്നിരിക്കുന്നു. അതാണ് ''സൈലന്റ്‌വാലി.'' കേരളത്തിൽ രാഷ്ട്രീയപ്പാർട്ടികളേയും മന്ത്രിസഭകളേയും വശീകരിച്ചും അതു പററിയില്ലെങ്കിൽ ഭീഷണിപ്പെടുത്തിയും ദുരാഗ്രഹികളായ വനംകൊള്ളക്കാരും ഭൂമി കൈയേററക്കാരും ഇനിയും നശിപ്പിക്കാതെ, ഏറെക്കുറെ ആദിപൂർവസ്ഥിതിയിൽത്തന്നെ അവശേഷിക്കുന്ന ഈ ചെറിയ വനപ്രദേശം, വൈദ്യുതി ഉൽപാദിപ്പിക്കുന്നതിനു വേണ്ടി നാമാവശേഷമാക്കാതെ അടങ്ങുകയില്ലെന്നു വിദ്യുച്ഛക്തിബോർഡും ഇപ്പോഴത്തെ ഭരണാധികാരികളും വാശി പിടിച്ചിരിക്കുകയാണ്. വൈദ്യുതി മററു വിധത്തിലും ഉണ്ടാക്കാം. പക്ഷേ, പ്രകൃതി കനിഞ്ഞു നല്കിയതും നമ്മുടെ പൂർവ്വികന്മാർ ഭക്തിപൂർവ്വം സംരക്ഷിച്ച് അനന്തരപരമ്പരകൾക്കായി അവശേഷിപ്പിച്ചിട്ടു പോയതുമായ ഈ പ്രദേശം നശിച്ചാൽ പിന്നെ ഉണ്ടാക്കുവാൻ സാധിക്കുകയില്ല. ഈ പ്രാഥമിക വസ്തുത പോലും മനസ്സിലായിട്ടില്ല എന്ന മുഖഭാവത്തിലാണ് ഈ വിദ്യുച്ഛക്തിവിദഗ്ധന്മാർ വാദിക്കുന്നത്. വികസനമെന്നും വൈദ്യുതിയെന്നും വ്യവസായമെന്നും തൊഴിലവസരമെന്നും അതൊന്നും പോരെങ്കിൽ മെഗാവാട്ടെന്നും വോൾട്ടേജെന്നും കാച്ച്മെന്റെന്നും കുറെ സാങ്കേതിക പദങ്ങളും പ്രയോഗിച്ചാൽ ജനങ്ങളെ ഇളക്കാം. അവരുടെ പേരിലാണല്ലൊ ഇന്നത്തെ സകല കോലാഹലങ്ങളും നടക്കുന്നത്. ഗുണമായാലും ദോഷമായാലും ലാഭമായാലും നഷ്ടമായാലും എല്ലാം ജനങ്ങൾക്കു വേണ്ടിയാണ്. ഒരർത്ഥത്തിൽ അത് സത്യമാണെന്നും സമ്മതിക്കണം. എന്തുകൊണ്ടെന്നാൽ ഈ വിദഗ്ധന്മാരും നേതാക്കന്മാരും ആനപ്പുറത്തുനിന്നു താഴെയിറങ്ങി, വീണ്ടും മനുഷ്യരൂപം പ്രാപിച്ച് മാഞ്ഞു മറയുമ്പോൾ അവർ ചെയ്തുവെച്ചതിന്റെ ഫലമനുഭവിക്കുവാൻ ജനങ്ങൾ മാത്രമേ കാണുകയുള്ളു. ദോഷവും നഷ്ടവുമാണ് ജനങ്ങളുടെ അനുഭവമെങ്കിൽ അതിന് സമാധാനം പറയേണ്ട ബാധ്യത ആർക്കുമില്ല. ആരെയും കുററപ്പെടുത്താനും ശിക്ഷിക്കാനും സാധിക്കുകയുമില്ല. അടിയന്തരാവസ്ഥക്കാലത്തെ അധർമങ്ങളെപ്പററി നടത്തിയ അതി വിപുലമായ അന്വേഷണങ്ങളും തയ്യാറാക്കിയ നീണ്ട നീണ്ട കുററപത്രങ്ങളും അതാണല്ലോ തെളിയിച്ചത്. നൂറുകോടി രൂപ മുതൽമുടക്കുണ്ടാകുമെന്നും പതിനായിരം പേർക്ക് ജോലി കിട്ടുമെന്നും ആധികാരികമായി പ്രഖ്യാപിച്ചാൽ, ഈ രാജ്യത്തെ ജലരാശിയിൽ മുഴുവനും 'പൊട്ടാസ്യം സയനൈ'ഡ് എന്ന മാരക വിഷം കലക്കുന്ന പദ്ധതിയുടെ പേരിൽപോലും നമ്മുടെ ജനങ്ങളെ ആവേശം കൊള്ളിക്കാം. അതിനുവേണ്ടി 'കേന്ദ്രത്തോടു സമരവും' ചെയ്യിക്കാം.

### നഷ്ട രഹസ്യം

എന്നാലും ഒന്ന് ചോദിക്കാൻ തോന്നുന്നു. ഇത്രമേൽ വാഴ്ത്തപ്പെടുന്ന ഈ ജനങ്ങൾക്കുവേണ്ടി, ജനങ്ങളിൽ നിന്നു പിരിച്ചെടുത്ത മുതലുമുടക്കി, ജനങ്ങളെ സേവിക്കുവാൻ കച്ചകെട്ടി നില്ക്കുന്ന വിദ്യുച്ഛക്തി ബോർഡ് നടത്തുന്ന ഈ വ്യവസായം നഷ്ടത്തിലാണ് കലാശിക്കുന്നതെന്നും നഷ്ടത്തിന്റെ ഒരു മുഖ്യ കാരണം ഇവിടത്തെ ജനങ്ങൾക്ക് കുറഞ്ഞ നിരക്കിൽ (വിളക്കുകൾ തെളിയാത്ത കുറഞ്ഞ വോൾട്ടേജിലും!) വൈദ്യുതി നല്കുന്നു എന്നതാണെന്നും ഭരണാധികാരികൾ പരിദേവനം ചെയ്യുന്നതിന്റെ രഹസ്യമെന്താണ്? പ്രതിവർഷം 49 കോടി രൂപയാണത്രെ ഇതുമൂലം ബോർഡ് 'നഷ്ട'പ്പെടുന്നത്! വിലകൊടുത്തു വാങ്ങേണ്ട കല്ക്കരിയും ഖനിയെണ്ണയും കത്തിച്ച് വൈദ്യുതിയുണ്ടാക്കുന്ന വ്യവസായംപോലും ലോകത്തിൽ എവിടെയും ലാഭത്തിലാണ് നടക്കുന്നതെന്നു പറയുന്നു. ഒന്നും കത്തിക്കാതെ കേരള പ്രകൃതിയുടെ കാരുണ്യത്താൽ താനെ ഒഴുകിവരുന്ന മഴവെള്ളം പായിച്ച് മററ് എവിടെ ഉണ്ടാക്കുന്നതിലും കുറഞ്ഞ ചെലവിൽ ഇവിടെ നടത്തപ്പെടുന്നു എന്നു പറയുന്ന ഈ വൈദ്യുതിയുത്പാദനം ഇങ്ങനെ നഷ്ടത്തിലാകുന്നത് അദ്ഭുതമായിരിക്കുന്നു. വടക്കെ ഇന്ത്യയിൽ വൈദ്യുതി മോഷണം സർവസാധാരണമാണെന്നും അതുകൊണ്ടു



Digitized by Kerala Sahitya Akademi

ള്ള നഷ്ടം ഭയങ്കരമാണെന്നും കേരളീയരെപ്പറ്റി അങ്ങനെ ഒരു അപഖ്യാതിയില്ലെന്നും ഒരു കേന്ദ്രമന്ത്രി നാലഞ്ചു വഷം മുമ്പ് കൊച്ചിയിൽ ഒരു സമ്മേളനത്തിൽ പറഞ്ഞതോർക്കുന്നു. ഇത്ര നല്ലവരായി പെരുമാറിയിട്ടും ഇവിടത്തെ ജനങ്ങൾ മുടക്കിയ മുതലിന്റെ ന്യായമായ പലിശപോലും ലഭിക്കുന്നില്ലെന്നാണല്ലൊ അനുഭവം.

ഈ സന്ദർഭത്തിൽ, പരേതനായ ശ്രീ പനമ്പിള്ളി ഗോവിന്ദമേനോൻ ഒരിക്കൽ സ്വിറ്റ്സർലണ്ടിൽ പോയിവന്നപ്പോൾ ഒരു പത്രസമ്മേളനത്തിൽ പറഞ്ഞ മറ്റൊരു കാര്യവും ഓർമയിൽ വരുന്നു. അവിടത്തെ ഒരു മുനിസിപ്പാലിറ്റിക്ക് (ജെനീവയോ, സൂറിച്ചോ മറ്റോ ആണെന്നു തോന്നുന്നു.) അന്നത്തെ തിരുവിതാംകൂർ-കൊച്ചി ഗവർമെണ്ടിനെക്കാൾ കൂടുതൽ വാർഷിക വരുമാനമുണ്ടെന്നും അവർ സ്വന്തമായിത്തന്നെ ആൽപ്സ് പർവതപ്രദേശത്ത് ഒരു ജലവൈദ്യുതി നിലയം സ്ഥാപിച്ചിട്ടുണ്ടെന്നും അതിൽ നിന്നു കിട്ടുന്ന വിദ്യുച്ഛക്തി വളരെ തുച്ഛമായ നിരക്കിലാണ് നഗരവാസികളുടെ വീട്ടാവശ്യത്തിന് വിതരണം ചെയ്യുന്നതെന്നും അദ്ദേഹം പറഞ്ഞു. എന്നല്ല, പൗരജനങ്ങളുടെ പണം മുടക്കി നിർമിച്ച സ്ഥാപനമാകയാൽ അത്രപോലും വില ഈടാക്കുന്നത് നീതീകരിക്കുവാൻ സാധ്യമല്ലെന്നുകൂടി അവിടത്തെ മേയർ അനല്പമായ അപരാധബോധത്തോടെ പനമ്പിള്ളിയോടു പറഞ്ഞുവത്രേ!

## ആ ചിത്രവും ഈ ചിത്രവും

ആ ചിത്രവും ഈ ചിത്രവും ഒന്ന് താരതമ്യപ്പെടുത്തി നോക്കുക! നമ്മുടെ രാജ്യത്ത് മന്ത്രിമാരും ബോർഡുകാരും യൂണിയനുകളും സ്വന്തം പണമിറക്കി, സ്വപ്രയത്നംകൊണ്ട് മഴപെയ്യിച്ച്, വലിയ വലിയ ത്യാഗങ്ങൾ സഹിച്ച്, മറ്റെങ്ങുമില്ലാത്ത യന്ത്രങ്ങൾ കണ്ടുപിടിച്ച്, അന്യായ വിലയ്ക്ക് ഭൂമിയും കരിഞ്ചന്തയിൽ ഇരുമ്പും സിമെന്റും വാങ്ങി, വൻപിച്ച നിലയങ്ങൾ സ്ഥാപിച്ച്, ഒരു ലാഭവുമില്ലാതെ നടത്തുന്ന ഒരു സ്വകാര്യ വ്യവസായത്തിന്റെ ഉത്പന്നമെന്നപോലെയാണ് ജനങ്ങൾക്ക് വിദ്യുച്ഛക്തി നല്കുന്നത്. ഭരണാധികാരികൾക്കും ബോർഡിലെ ജീവനക്കാർക്കുമല്ലാതെ മറ്റാർക്കും, കേന്ദ്രഗവർമെണ്ടിനുപോലും, ഉത്പാദനത്തെപ്പറ്റിയോ ഉത്പന്നത്തെപ്പറ്റിയോ കച്ചവടത്തിന്റെ ലാഭനഷ്ടങ്ങളെക്കുറിച്ചോ ഒരക്ഷരംപോലും ഉരിയാടുവാൻ അവകാശമില്ല. ഇതുവരെ സഹിച്ചു ഭാരിച്ച നഷ്ടത്തിന് അല്പമൊരു ഉപശാന്തി നേടുവാൻ വേണ്ടി ഉത്പാദനം വർദ്ധിപ്പിക്കുന്നതിലേയ്ക്കായി സൈലന്റ് വാലിയും അട്ടപ്പാടിയുമെല്ലാം വെള്ളത്തിൽ മുക്കിക്കളയുവാൻ നിശ്ചയിക്കുമ്പോൾ എതിരഭിപ്രായം പറയുവാൻ ശാസ്ത്രജ്ഞന്മാർക്കോ സാഹിത്യകാരന്മാർക്കോ ഒരു കാര്യവുമില്ല. ജനങ്ങൾ എന്നു പറയുന്നവർ വെറും ഉപഭോക്താക്കൾ! കിട്ടുന്നത്, അല്ലെങ്കിൽ കൊടുക്കുന്നത്, ഭുജിക്കേണ്ടവർ! കീഴ് ജീവനക്കാർ മേലധികാരികളോടും മന്ത്രിമാരോടും പിണങ്ങിയാൽ വാശി തീർക്കുന്നത് ഈ ഭാഗ്യദോഷികളെ ഇരുട്ടിലാഴ്ത്തുക എന്ന അദ്ഭുതവിദ്യ പ്രയോഗിച്ചാണ്. ഇത് ലോകമാകെ അംഗീകരിച്ചിട്ടുള്ള സമ്പ്രദായമാണ്. ഈ ജനകീയ ജനാധിപത്യ സ്ഥിതിസമത്വമൂല്യങ്ങളെ വിജയിപ്പിക്കുന്നതിന് ട്രാൻസ്ഫോർമറുകളും ട്രാൻസ്മിഷൻ ടൗവറുകളും മാത്രമല്ല, വേണ്ടിവന്നാൽ ജെനറേറ്ററുകളും അണക്കെട്ടുകളും തകർക്കും. 'ഉടയവൻ ഉടച്ചാൽ ഓടിനും കേടില്ല!' എന്ന 'സമരത്തിന്റേതായ' മനോഭാവം ജ്വലിച്ചു നില്ക്കുന്ന സാഹചര്യത്തിൽ വെറും ഉപഭോക്താക്കളായ ജനങ്ങളെപ്പറ്റിയും രാജ്യ






Digitized by Kerala Sahitya Akademi

ശാലകളും തപോവനങ്ങളും വൃക്ഷായുർവേദവും കാളിദാസനും എല്ലാം ഉണ്ടായിരുന്നെങ്കിലും, വനതലങ്ങൾ അമൂല്യമായ ദേശീയ സമ്പത്താണെന്നും ശാസ്ത്രീയമായി സംരക്ഷിക്കേണ്ട പൊതുമുതലാണെന്നും നമ്മെ പഠിപ്പിച്ചത് അവരാണ്. ഇങ്ങേയറ്റത്തു കിടക്കുന്ന ഈ കേരളത്തിൽപോലും വിദേശീയരായ കൺസർവേറ്റർമാർ ദീർഘവീക്ഷണത്തോടെ എഴുതിയുണ്ടാക്കുകയും അധികാരത്തിൽ ഇരുന്ന കാലത്തോളം നിഷ്കൃഷ്ടമായി പാലിക്കുകയും ചെയ്ത വനസംരക്ഷണനിയമങ്ങൾ മാത്രമേ ഇന്നും, കടലാസ്സിലെങ്കിലും, ഇവിടെ നിലവിലുള്ളു. നൂറു വർഷം മുമ്പ് അവരുടെ കീഴിൽ ഒരു ചെറിയ തസ്തികയിൽ നിലമ്പൂരിൽ പണിയെടുത്ത ഒരു നാട്ടുകാരൻ (ചാത്തുമേനോൻ എന്നോ മറ്റോ ആണ് അദ്ദേഹത്തിന്റെ പേര്) തേക്കിൻകാടുകൾ വെച്ചു പിടിപ്പിക്കുന്നതിൽ പ്രദർശിപ്പിച്ച രാജ്യസ്നേഹം, സർവതന്ത്ര സ്വതന്ത്രമായ ഈ ജനകീയ യുഗത്തിൽ ഭാരത ഭാഗ്യ വിധാതാക്കളായി സ്ഥാനാരോഹണം ചെയ്യുന്ന ഭരണാധികാരികളിൽ മഷിയിട്ടു നോക്കിയാലും കാണാനില്ലെന്നു വന്നിരിക്കുന്നതല്ലേ നമുക്കുണ്ടായ മഹാസങ്കടം! ഈ വ്യവസ്ഥിതിയുടെ പ്രാരംഭഘട്ടത്തിൽ സമാരാധ്യനായ ഒരു നേതാവ് തന്റെ താമസത്തിന് ഏറ്റെടുത്ത സർക്കാർ വകയായ ബംഗ്ലാവിന്റെ വിശാലമായ വളപ്പിൽ മുറ്റിത്തഴച്ചു നിന്ന മഹാഗണി വൃക്ഷങ്ങൾ വെട്ടി വിറ്റാണ് തന്റെ രാജ്യഭരണത്തിന്റെ ഹരിശ്രീ കുറിച്ചത്! തലസ്ഥാനനഗരിയിൽ, കണ്ണു തുറന്നു നടക്കുന്ന പൗരജനങ്ങളുടെ മൂക്കിനു താഴെ, പത്രറിപ്പോർട്ടർമാർ എപ്പോഴും കേറിയിറങ്ങുന്ന മന്ത്രാലയങ്ങളിൽ ഇങ്ങനെ നടന്നാൽ, പിന്നെ കണ്ണും ചെവിയും എത്താത്ത കാട്ടിടകളിലെ കാര്യം എന്തിനു പറയുന്നു?




## പെരുംതേനരുവി

പമ്പാനദിയുടെ മേൽഭാഗത്ത്, റാന്നിയിൽ നിന്ന് കുറേ ദൂരം കിഴക്കുമാറി പെരുന്തേനരുവി എന്ന മധുരമായ പേരോടുകൂടിയ ഒരു സ്ഥലമുണ്ട്. അവിടത്തെ വെള്ളച്ചാട്ടം മധ്യതിരുവിതാംകൂറിൽ മുഴുവനും പ്രസിദ്ധമായിരുന്നു. കുട്ടിക്കാലത്ത് ആറ്റുവഴിക്കുതന്നെ നടന്നുപോയി ആ ജലപാതം ഞാൻ കണ്ടിട്ടുണ്ട്. [ആ യാത്രയിലാണ് മണൽപ്പുറത്തുള്ള ഒരു മാടക്കടയിൽ നിന്ന് ഒരു ചക്രത്തിന്ന് (ഇന്നത്തെ നിരക്കിൽ മൂന്നര പൈസ) അൻപതു പാളയൻകോടൻ പഴം വാങ്ങിയത്. അതായിരുന്നില്ലേ നല്ല കാലം!] ഏതാനും വർഷങ്ങൾക്കു മുമ്പ്, അവിടെ ഒരിക്കൽക്കൂടി പോയാൽ കൊള്ളാമെന്നു തോന്നുകയാൽ റാന്നിയിൽ നിന്നു വന്ന ഒരു സുഹൃത്തിനോട് യാത്രയുടെ സൗകര്യങ്ങൾ എന്തൊക്കെയാണെന്നു ചോദിച്ചു. അദ്ദേഹത്തിന്റെ മറുപടി ഇതായിരുന്നു: ''വെള്ളച്ചാട്ടം കാണാനാണെങ്കിൽ പോകേണ്ട. അതെല്ലാം എന്നേ ഇല്ലാതായി! കാട്ടിൽനിന്ന് മരം ഇറക്കിക്കൊണ്ടുവരുന്നതിനുവേണ്ടി അവിടത്തെ പാറക്കെട്ടുകൾ മുഴുവനും ഡൈനാമൈറ്റ് വെച്ച് തവിടുപൊടിയാക്കി നീക്കിക്കളഞ്ഞു. ഇപ്പോൾ പെരുന്തേനരുവിയുമില്ല; അരുവിയുമില്ല. മഴക്കാലത്തല്ലാതെ ആറ്റിൽ വെള്ളവുമില്ല. നിഷ്കണ്ടകന്മാർ ചെയ്ത ദ്രോഹം.''

ഇതുപോലെ എന്തെല്ലാം സംഹാരകർമങ്ങൾ ചോദിക്കാൻ ആളില്ലാത്ത കാട്ടുപ്രദേശങ്ങളിൽ നടന്നിട്ടുണ്ട്; ഇപ്പോഴും നടക്കുന്നുണ്ട്! ആദ്യമൊക്കെ അനധികൃതമെന്നും ശിക്ഷാർഹമെന്നും വിശേഷിപ്പിക്കപ്പെട്ടമെങ്കിലും അല്പകാലത്തിനുള്ളിൽ അധികൃതവും അംഗീകൃതവും നിയമാനുസൃതവും ആയിത്തീരുന്ന ഈ രാജ്യദ്രോഹത്തിനു പുറമെയാണ് പരമ പവിത്രമായ പ്ലാനിങ്ങിന്റെ പേരിൽ, പദ്ധതി പ്രവർത്തനത്തിന്റെ രൂപത്തിൽ, അധികാരസ്ഥാനങ്ങൾതന്നെ മുൻകൈയെടുത്തു നടത്തുന്ന സമ്പൂർണ വിനാശം ഉണ്ടാകുന്നത്. അടുത്ത കാലത്ത് മധ്യപ്രദേശ് ഗവർമ്മേണ്ടിന്റെ ആഭിമുഖ്യത്തിലുള്ള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപറേഷൻ പ്രസിദ്ധപ്പെടുത്തിയ ഒരു പരസ്യത്തിൽ ഇങ്ങനെ പറഞ്ഞിരുന്നുവത്രേ: ''വരുവിൻ, വരുവിൻ! നിങ്ങളുടെ ഉപയോഗത്തിന്ന് മൈലുകൾ കണക്കിലുള്ള മനോഹര വനങ്ങൾ കാത്തു കിടക്കുന്നു. മരം അറച്ചുണ്ടാക്കുന്ന പലതരം നൂതന സാധനങ്ങൾ നിർമിക്കുന്നതിനോ റബ്ബർ, കൊക്കോ, കാപ്പി മുതലായവ വൻതോതിൽ വെച്ചുപിടിപ്പിക്കുന്നതിനോ ഇതിനേക്കാൾ നല്ല സൗകര്യം എങ്ങും കിട്ടുകയില്ല.'' ഇത് ഉദ്ധരിച്ചുകൊണ്ട് ഒരു ഇംഗ്ലീഷ്പത്രം എഴുതി: ''മധ്യപ്രദേശിലെ വനഭൂമികൾ കൊള്ളയടിക്കുവാൻ അനുവദിച്ചിരിക്കുന്നു എന്നു പറയുന്നതിന്ന് തുല്യമാണിത്.''

## കേരളത്തിന്റെ നിലനില്പ്

ഈ പശ്ചാത്തലത്തിലാണ് സൈലന്റ് വാലി പദ്ധതിയെപ്പറ്റി നാം ചിന്തിക്കേണ്ടത്. അത് മെഗാവാട്ടിന്റെയും സിംഹവാലൻ കുരങ്ങിന്റെയും മലമുഴക്കി വേഴാമ്പലിന്റെയും കാര്യമാണെന്നു കരുതുന്നതു തെറ്റാണ്. ശാസ്ത്രജ്ഞന്മാരും സാങ്കേതികവിദഗ്ധന്മാരും വട്ടമേശസമ്മേളനം നടത്തി തീരുമാനിക്കേണ്ട കാര്യവുമല്ല. നമുക്കുള്ള ഒരേഒരു ആശ്രയമായ ഈ കേരളഭൂമിയുടെ നിലനില്പാണ് അതിൽ അന്തർഭവിച്ചിരിക്കുന്നത്. വൈദ്യുതിയില്ലെങ്കിലും നമ്മുടെ ജനങ്ങൾ ജീവിക്കും; ജീവിച്ചിട്ടുമുണ്ട്. പക്ഷേ, വെള്ളമില്ലെങ്കിൽ കേരളവുമില്ല. അണകെട്ടിയും വ്യവസായം വളർത്തിയും ഇപ്പോൾത്തന്നെ നമ്മുടെ നദികൾ വരണ്ടു കഴിഞ്ഞു. ഈ പദ്ധതികൾ ഇങ്ങനെ മുന്നോട്ടു പോയാൽ ഇരുപതു കൊല്ലം കൊണ്ട് കേരളം മരുഭൂമിയാകും.

''ജലവൈദ്യുതിനിലയങ്ങളും എഞ്ചിനീയർമാരും വെള്ളം കുടിച്ചു തീർക്കുന്നില്ല. അതിനെ തടഞ്ഞുനിർത്തി, നിയന്ത്രണവിധേയമായി താഴോട്ടൊഴുക്കി, ഇലച്ചക്രങ്ങൾ തിരിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുകയേ ചെയ്യുന്നുള്ളു. ഇതുകൊണ്ട് എങ്ങനെയാണ് വെള്ളം ഇല്ലാതാകുന്നത്?'' എന്ന് ആത്മാർത്ഥമായും അമർഷത്തോടെ ചോദിക്കുന്നവരുണ്ട്. അവരുടെ മൂഢഗതിയിൽ അനുതപിക്കുകയേ നിവൃത്തിയുള്ളു. സഹസ്രാബ്ദങ്ങളായി വളർന്നു നില്ക്കുന്ന വൻകാടുകൾക്കു നടുവിൽ ജലസംഭരണികളും യന്ത്രനിലയങ്ങളും സ്ഥാപിച്ച് ജനവാസകേന്ദ്രങ്ങളും റോഡുകളും നിർമിച്ച്, ആ പ്രദേശങ്ങളെല്ലാം സ്വാർത്ഥമൂർത്തികളും ദുരാഗ്രഹികളുമായ മനുഷ്യരുടെ സ്വൈരവിഹാരത്തിനു തുറന്നിട്ടു കൊടുത്താൽ ആ കാടുകൾ എത്രകാലം നിലനില്ക്കും?

പള്ളിവാസലിലും നേര്യമംഗലത്തും ശബരിഗിരിയിലും ഇടുക്കിയിലും എന്നുവേണ്ട ലോകത്തിൽ എവിടെയെല്ലാം ഇത്തരം പദ്ധതികൾ തുടങ്ങിയിട്ടുണ്ടോ അവിടെയെല്ലാം ഈ ആപത്ത് സംഭവിച്ചിട്ടുണ്ട്. കേരളത്തിൽ കാടിന്റെ കാര്യത്തിൽ കേൾപ്പോരും കേൾവിയും ഇല്ലാത്തതുകൊണ്ട് പദ്ധതികൾ പൂർത്തിയാകുന്നതിനു മുമ്പുതന്നെ അതിന്റെ അനേകം മൈൽ ചുറ്റുമുള്ള കാടുകൾ നശിപ്പിക്കുകയും വനഭൂമി കൈയേറുകയും ചെയ്യുമെന്നേയുള്ളു. കാടില്ലെങ്കിലും കേരളത്തിൽ മഴ പെയ്യുമെന്ന് ചില വിദഗ്ധന്മാർ വാദിക്കുന്നു. പെയ്യും, സമുദ്രത്തിൽ പെയ്യുന്നില്ലേ? പക്ഷേ, ആ പെയ്ത്ത് പദ്ധതിയെ നശിപ്പിക്കുകയേ ഉള്ളു. സംഭരണികൾ മണ്ണൊലിച്ച് വളരെ വേഗം നികന്നുപോകും. അതിലും വലിയ ആപത്ത് മലകളുടെ അടിവാരത്തിൽ, ഭൂമിക്കടിയിൽ നിന്നു വരുന്ന ഉറവുകൾ ഇല്ലാതാകും എന്നുള്ളതാണ്. അവയാണ് നമ്മുടെ നദികളെ പന്ത്രണ്ടു മാസവും പോഷിപ്പിക്കുന്ന

Digitized by Kerala Sahitya Akademi

